# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1832 06.07.2015-ൽ മറുപടിയ്ക്ക്

### കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റ് ഭേദഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എം. എ. വാഹിദ്<br>ശ്രീ ലൂഡി ലൂയിസ്<br>ശ്രീ കെ. ശിവദാസൻ നായർ<br>ശ്രീ എ. റ്റി. ജോർജ് | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റ് കൂടുതൽ ഫലപ്രദമാക്കുന്നതിന് ഭേദഗതി കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ടോ ; | (എ) 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള 2014-ലെ ഭേദഗതി ആക്റ്റ് 31.12.2014-ൽ പ്രാബല്യത്തിൽവന്നു. |
| (ബി) ഉണ്ടെങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്നു വിശദമാക്കാമോ ; | (ബി) നിയമ ഭേദഗതി പ്രാബല്യത്തിൽവന്ന പ്രകാരം 'മണി ചെയിൻ' കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർകൂടി ഇപ്പോൾ നിയമത്തിന്റെ പരിധിയിൽ വന്നിട്ടുണ്ട്. കരുതൽ തടങ്കലിൽ വയ്ക്കാവുന്ന പരമാവധി കാലയളവ് ആറുമാസം എന്നുള്ളത് ഒരു വർഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൊള്ളപ്പലിശക്കാർ, ഹവാല തട്ടിപ്പുകാർ എന്നിവർക്കെതിരേയുള്ള നടപടികൾ ശക്തിപ്പെടുത്തുന്നതിലേയ്ക്കായി ഇവയുടെ നിർവ്വചനങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. സാമൂഹ്യ വിരുദ്ധപ്രവർത്തനങ്ങൾ നടത്തുവാൻ ഉപയോഗിക്കുന്ന വാഹനങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കൾ പിടിച്ചെടുക്കുന്നതിനും കണ്ടുകെട്ടുന്നതിനുമുള്ള വിപുലമായ വ്യവസ്ഥകളും ഭേദഗതി ചെയ്യപ്പെട്ട പ്രകാരം നിയമത്തിൽ പ്രതിപാദിക്കുന്നു. |
| (സി) കുറ്റകൃത്യങ്ങൾ തടയുന്നതിനും ബ്ലേഡ് മാഫിയയെ നേരിടുന്നതിനും എന്തെല്ലാം ശിക്ഷകളാണ് നിയമത്തിൽ വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ; | (സി) മണി ചെയിൻ കുറ്റവാളികളെക്കൂടി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. കൊള്ളപ്പലിശക്കാർ, ഹവാലത്തട്ടിപ്പുകാർ എന്നിവരുടെ സംഘടിത കുറ്റകൃത്യങ്ങൾ കൂടുതൽ ഫലപ്രദമായി തടയുന്നതിന് ബന്ധപ്പെട്ട നിർവ്വചന ഖണ്ഡങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്. കരുതൽ തടങ്കൽ നിയമമായതുകൊണ്ട് ഏതെങ്കിലും കുറ്റത്തിനുള്ള ശിക്ഷകൾ ഭേദഗതിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല. |

(ഡി) പ്രസ്തുത നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

2014-ലെ കേരളാ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ആക്ട് 31.12.2014-ൽ പ്രാബല്യത്തിൽ വന്നു.

സെക്ഷൻ ഓഫീസർ